*നമ്പർ.എച്ച്2/34017/2017/ഡി.പി.ഐ.*

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം., തീയതി.07/09/2017.

പ്രേഷിതാവ്

**പൊതുവിദ്യാഭ്യാസ ഡയറക്ടർ,**
തിരുവനന്തപുരം.

സ്വീകർത്താവ്

**എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും**
**എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും**
**എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും**

സർ,

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - എയ്ഡഡ് - നിയമനാംഗീകാരം 2017 - 18 സംബന്ധിച്ച്

സൂചന : 1. ഈ ആഫീസീൽ നിന്നുള്ള 07/01/2017-ലെ കത്ത് നമ്പർ. എച്ച്2/61/2017/ഡി.പി.ഐ.

2. 03/12/2016-ലെ ജി.ഒ.(പി)നമ്പർ 199/2016/പൊ.വി.വ. (എസ്.ആർ.ഒ. നമ്പർ 752/2016)

2017-18-ലെ തസ്തികനിർണയവും സംരക്ഷിതാധ്യാപകരുടെ പുനർവിന്യാസവും സമയബന്ധിതമായി പൂർത്തിയാക്കി മാതൃക കാട്ടിയ നമുക്ക് അതിന്റെ തുടർപ്രവർത്തനങ്ങളും ഫലവത്താക്കേണ്ടതുണ്ട്. തസ്തികനിർണയ ഫയലുകളുടെ റിവ്യൂ ആഗസ്റ്റ് 31-ന് അവസാനിച്ചതായി ഭൂരിഭാഗം ജില്ലകളിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഇനി അവശേഷിക്കുന്നത് 2017-18 വർഷത്തെ നിയമനാംഗീകാര ഫയലുകളിൽ തീർപ്പ് കല്പിക്കുക എന്നതു മാത്രമാണ്.

എയ്ഡഡ് സ്കൂളുകളിലെ 2017-18 വർഷത്തെ നിയമനങ്ങൾക്ക് അംഗീകാരം നൽകുന്ന കാര്യത്തിൽ നിർദേശം നൽകണമെന്നു കാണിച്ച് ചില ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ ഡയറക്ടറേറ്റിലേക്ക് കത്തെഴുതുന്നുണ്ട്. തസ്തികനിർണയം നടക്കാതിരുന്ന വർഷങ്ങളിൽ ഇത്തരം ആവശ്യം ഉന്നയിച്ചിരുന്നെങ്കിൽ അത് എല്ലാവർക്കും മനസ്സിലാകുമായിരുന്നു. എന്നാൽ 2017-18-ൽ തസ്തികനിർണയം നടന്നു കഴിഞ്ഞു. എയ്ഡഡ് സ്കൂളുകളിൽ നിയമനം എങ്ങനെയാണ് നടത്തേണ്ടതെന്ന് കെ.ഇ.ആർ. അധ്യായം XXI-ൽ 7(1) മുതൽ 7(10) വരെയുള്ള ചട്ടങ്ങളിലൂടെ സർക്കാർ വ്യക്തമാക്കിയിട്ടുമുണ്ട്. ഇതുൾപ്പെടെ നിലവിലുള്ള ചട്ടങ്ങളും ഉത്തരവുകളും അനുസരിച്ച് മാനേജർമാർ സമർപ്പിച്ചിട്ടുള്ള നിയമനാംഗീകാര പ്രൊപ്പോസലുകളിൽ തീരുമാനമെടുക്കേണ്ടത് ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരുടെ കടമയാണ്. അത് നിർവഹിക്കേണ്ടതിനു പകരം ആവശ്യമില്ലാത്ത സംശയങ്ങൾ ഉന്നയിച്ച് ഡയറക്ടറേറ്റിലേക്ക് 'സ്പഷ്ടീകരണത്തിന്' കത്തെഴുതുന്ന ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരും ജില്ലാ വിദ്യാഭ്യാസ ആഫീസർമാരും സ്വന്തം ഉത്തരവാദിത്തത്തിൽ നിന്ന് ഒളിച്ചോടുകയും അവരിൽ അർപ്പിതമായ സുപ്രധാന കടമ മറക്കുകയുമാണ് ചെയ്യുന്നത്. നിയമനത്തിന്റെ വിശദാംശങ്ങൾ നൽകിയതിനു ശേഷം ''ഇത് അംഗീകരിക്കാമോ'' എന്ന് ആരായുന്ന ചില വിദ്യാഭ്യാസ ആഫീസർമാരുമുണ്ട്.

ഇത്തരം കത്തുകൾക്ക് മറുപടി നൽകാൻ റിവിഷൻ അപ്പീൽ അധികാരിയായ ഡയറക്ടർക്ക് കഴിയില്ല എന്ന കാര്യം പ്രത്യേകം ഓർക്കുക. (''അംഗീകരിക്കാൻ കഴിയില്ല'' എന്ന് ഇതിന് ഡയറക്ടറേറ്റിൽ നിന്നു മറുപടി നൽകിയാൽ അത് രേഖപ്പെടുത്തി പ്രസ്തുത നിയമനത്തിന് അംഗീകാരം നിരസിക്കപ്പെടുമ്പോൾ പിന്നെ അതു സംബന്ധിച്ച അപ്പീൽ സർക്കാരിനു മാത്രമല്ലേ പരിഗണിക്കാൻ കഴിയൂ?). ആയതിനാൽ തസ്തികനിർണയം കഴിഞ്ഞാൽ നിലവിലുള്ള ചട്ടങ്ങളും ഉത്തരവുകളും അനുസരിച്ച് നിയമനാംഗീകാര ഫയലുകളിൽ എത്രയും വേഗം തീർപ്പ് കല്പിക്കാൻ എല്ലാ ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഓരോ വർഷവും ഇതിന് സർക്കാരിൽ നിന്നോ ഡയറക്ടറേറ്റിൽ നിന്നോ നിർദേശം വരട്ടെ എന്നു കരുതി കാത്തിരിക്കുന്നത് അധ്യാപകദ്രോഹമല്ലാതെ മറ്റൊന്നുമല്ല. (പ്രൊപ്പോസൽ ലഭിച്ച് ഒരു മാസത്തിനുള്ളിൽ നിയമനാംഗീകാരം നൽകണമെന്ന് കെ.ഇ.ആർ. അധ്യായം XIV-എ, ചട്ടം 8(2)-ൽ പറയുന്നുണ്ട് എന്ന കാര്യം പ്രത്യേകം ഓർക്കുക.)

2016-17-ലെ നിയമനാംഗീകാര ഫയലുകളിൽ തീർപ്പ് കല്പിക്കുന്നതു സംബന്ധിച്ച് സൂചന (1)-ലെ കത്ത് വഴി ചില നിർദേശങ്ങൾ നൽകിയിരുന്നത് ശ്രദ്ധിച്ചിട്ടുണ്ടാകുമല്ലോ. 2016-17-ലെ തസ്തികനിർണയം സംബന്ധിച്ച് ബഹു: ഹൈക്കോടതിയിൽ കേസുകൾ നിലനിൽക്കുന്നതിനാലാണ് അത്തരം നിർദേശങ്ങൾ നൽകിയത്. നിയമനാംഗീകാരം നൽകാൻ കഴിയുന്നില്ലെങ്കിൽ അത് നിരസിക്കാതെ സൂക്ഷിക്കാനും പ്രസ്തുത കത്തിൽ നിർദേശിച്ചിരുന്നു. ഈ കേസുകളിൽ ബഹു: കോടതി ഉടൻ തന്നെ വിധിന്യായം പുറപ്പെടുവിക്കും എന്നാണറിയുന്നത്.

2017-18-ലെ നിയമനാംഗീകാര ഫയലുകളിൽ 28/09/2017-നകം തന്നെ തീരുമാനം കൈക്കൊള്ളാൻ എല്ലാ ഉപജില്ലാ, ജില്ലാ വിദ്യാഭ്യാസ ആഫീസർമാരും അടിയന്തര നടപടികൾ സ്വീകരിക്കണം. ഇതിനായി ആവശ്യമെങ്കിൽ എയ്ഡഡ് സ്കൂൾ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ക്ലാർക്കുമാർക്കും സൂപ്രണ്ടുമാർക്കും റവന്യൂ ജില്ലാ തലത്തിൽ ഒരു ഏകദിന പരിശീലന പരിപാടി വിദ്യാഭ്യാസ ഉപഡയറക്ടർമാർ സംഘടിപ്പിക്കണം. സൂചന (2)-ലെ ഉത്തരവ് വഴി കെ.ഇ.ആറിൽ ഭേദഗതി ചെയ്യപ്പെട്ട ചട്ടങ്ങൾ, അൺ ഇക്കണോമിക് സ്കൂളുകളിലെ നിയമനാംഗീകാരം സംബന്ധിച്ച ഉത്തരവുകൾ തുടങ്ങിയവ ഈ പഠന പരിപാടിയിൽ വിശദമായി അവതരിപ്പിക്കണം. കൂടാതെ, നിയനാംഗീകാരം സംബന്ധിച്ച പൊതു ഉത്തരവുകളും ചട്ടങ്ങളും വിശദീകരിക്കണം. ഈ പഠന പരിപാടി സെപ്തംബർ 13 മുതൽ 16 വരെ തീയതികളിൽ നടത്താൻ ശ്രദ്ധിക്കണം. മുൻകൂട്ടി തീയതി അറിയിച്ചാൽ ഡയറക്ടറേറ്റിൽ നിന്നുള്ള ഉദ്യോഗസ്ഥരും ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതാണ്.

ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ആഫീസുകളിലെ നിയമനാംഗീകാര ഫയലുകളിൽ നിർദിഷ്ട സമയ പരിധിക്കുള്ളിൽ തീർപ്പ് കല്പിക്കപ്പെടുന്നുണ്ടെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർമാർ പ്രസ്തുത ആഫീസുകളിൽ പ്രത്യേക പരിശോധന നടത്തിത്തന്നെ ഉറപ്പാക്കേണ്ടതാണ്. മതിയായ കാരണങ്ങൾ കൂടാതെ സെപ്തംബർ 30-നു ശേഷവും 2017-18-ലെ നിയമനാംഗീകാര ഫയലുകളിൽ തീരുമാനമെടുക്കാതെ സൂക്ഷിക്കുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട ഉപജില്ലാ, ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾക്കും വിദ്യാഭ്യാസ ഉപഡയറക്ടർമാർ ശിപാർശ ചെയ്യേണ്ടതാണ്.

നിയമനാംഗീകാര പ്രൊപ്പോസലുകളിലെ ലഘുവായതും തിരുത്താൻ കഴിയുന്നതുമായ തെറ്റുകൾ ചൂണ്ടിക്കാട്ടി അംഗീകാരം നിരസിക്കരുതെന്ന് നിരവധി നിർദേശങ്ങൾ നൽകിയിട്ടുള്ളതാണ്. എന്നിട്ടും ചില വിദ്യാഭ്യാസ ആഫീസർമാർ അക്കാര്യം ശ്രദ്ധിക്കുന്നില്ലെന്നത് ഖേദകരമായ വസ്തുതയാണ്. അംഗീകാരം നൽകാൻ കഴിയുന്ന നിയമനങ്ങൾക്ക് ഉപജില്ലാ, ജില്ലാ തലത്തിൽ തന്നെ അംഗീകാരം നൽകണം. ''അപ്പീൽ നൽകി അംഗീകാരം വാങ്ങട്ടെ'' എന്ന ചിന്താഗതി അരുത്. അങ്ങനെയായാൽ ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ആഫീസുകളുടെ പ്രസക്തി തന്നെ ഇല്ലാതാവുകയാണ് ചെയ്യുന്നത് എന്ന കാര്യം മറക്കാതിരിക്കുക.

2017 - 18 - ലെ നിയമനാംഗീകാര ഫയലുകളിൽ 28/09/2017 - നകം തന്നെ തീർപ്പ് കല്പിക്കണമെന്ന കാര്യം ഒരിക്കൽ കൂടി ഓർമ്മിപ്പിച്ചുകൊണ്ട്,

വിശ്വസ്തതയോടെ,

കെ.വി. മോഹൻ കുമാർ ഐ.എ.എസ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ